# ക്രിസ്തീയജീവിതത്തിലെ

# ഏഴു കാര്യങ്ങൾ

അ. പ്രവൃ. 2:41, 42.

"അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനം ഏറ്റു; അന്നു മൂവായിരത്തോളം പേർ അവരോടു ചേർന്നു. അവർ അപ്പോസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പംനുറുക്കിയും പ്രാർത്ഥനകഴിച്ചും പോന്നു".

അപ്പോസ്തലകാലാരംഭത്തിൽനടന്ന ചില കാര്യങ്ങൾ പിന്നത്തേതിൽ മാറിയതായി തിരുവെഴുത്തിൽനിന്നും നമുക്കു കാണാവുന്നതാണ്. എന്നാൽ മേൽകണ്ട വാക്യങ്ങളിൽ പറയുന്ന ഏഴു വിഷയങ്ങൾക്കു മാറ്റമുണ്ടായതായി കാണുന്നില്ല. ക്രിസ്തീയജീവിതത്തിനു് അവശ്യം വേണ്ടതായ— ഒഴിച്ചുകൂടാൻ പാടില്ലാത്ത— ഏഴു കാര്യങ്ങൾ ഇവിടെ കാണുന്നുണ്ട്.

## 1. രക്ഷ

### "അവന്റെ വാക്കു കൈക്കൊണ്ടു"

ഒരു പാപി ദൈവവചനം സ്വീകരിച്ചു രക്ഷിക്കപ്പെടുന്നതിനെ ഈ പ്രയോഗം കാണിക്കുന്നു. 1900 വർഷങ്ങൾക്കുമുമ്പു ദൈവപുത്രൻ മനുഷ്യപുത്രനായി ജനിച്ചു് യേശു എന്ന പേരോടുകൂടെ പാലസ്തീൻനാട്ടിൽ സഞ്ചരിച്ചു. പാപരഹിതനായി ജീവിച്ചു. താൻ മനുഷ്യജാതികളുടെ പാപങ്ങളെ വഹിച്ചുകൊണ്ടു ക്രൂശിൽ തറയ്ക്കപ്പെട്ടു്, പാപപരിഹാരബലിയായി മരിച്ചു് അടക്കപ്പെട്ടു. മരണത്തെജയിച്ചു ജയാളിയായി മൂന്നാംദിവസം ഉയിർത്തെ

MGM Ministries-Article Source: Seven things in the Christian life-By Y. Ezekiel

ഴുന്നേററു. നാല്പതു ദിവസത്തോളം വീണ്ടും ഭൂമിയിൽ സഞ്ചരിച്ചു. പിന്നീടു ശിഷ്യന്മാർ കാൺകെ സ്വർഗ്ഗാരോഹണം ചെയ്തു പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്നു. അങ്ങനെ പാപിയുടെ രക്ഷയ്ക്കടിസ്ഥാനമായി ചെയ്യേണ്ടുന്ന പ്രവൃത്തികൾ മുഴുവൻ ചെയ്തുതികച്ചു. ഇനി തന്നിൽ വിശ്വസിക്കുന്നവരെ സ്വർഗ്ഗത്തിൽ ചേർക്കുവാൻ വേഗം വരും.

രക്ഷാനായകനിലും രക്ഷണ്യപ്രവൃത്തിയിലും വിശ്വസിച്ച് ഈ കർത്താവായ യേശുക്രിസ്തുവിനെ പാപി സ്വീകരിക്കുമ്പോൾ രക്ഷിക്കപ്പെടും. രക്ഷിക്കപ്പെടുവാൻ ഒന്നാമതായി, ഒരു വ്യക്തി താൻ പാപിയാണെന്നു സമ്മതിക്കണം. "നീതിമാൻ ആരുമില്ല. ഒരുത്തൻപോലുമില്ല........എല്ലാവരും വഴിതെററി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു; നന്മ ചെയ്യുന്നവനില്ല, ഒരുത്തൻ പോലുമില്ല", "ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു" എന്നു ദൈവികപ്രമാണത്തിൽ വ്യക്തമായിക്കാണുന്നു. റോമ. 3:10-12, 23. താൻ പാപിയാകയാൽ മരണയോഗ്യനും നരകയോഗ്യനും എന്നു സമ്മതിക്കണം. തിരുവെഴുത്തിൽ അതിനെക്കുറിച്ചു പറഞ്ഞിരിക്കുന്ന ദൈവികവ്യവസ്ഥ ഗ്രഹിക്കുവാൻ താഴെ കൊടുക്കുന്ന വാക്യങ്ങളും അവയിൽ കാണുന്ന പാപത്തിന്റെ പട്ടികകളും അവയിൽ ഏതെങ്കിലും പാപംചെയ്യുന്നവർക്കു വരുന്ന ദൈവത്തിന്റെ ന്യായവിധിയും എന്താണെന്നു നോക്കുക. "പാപത്തിന്റെ ശമ്പളം മരണമത്രേ". റോമ. 6:23. "അവർ സകല അനീതിയും ദുഷ്ടതയും അത്യാഗ്രഹവും ദുർബ്ബുദ്ധിയും നിറഞ്ഞവർ; അസൂയ, കൊല, പിണക്കം, കപടം, ദുശ്ശീലം എന്നിവ തിങ്ങിയവർ; കുരളക്കാർ, ഏഷണിക്കാർ, ദൈവ

MGM Ministries-Article Source: Seven things in the Christian life-By Y. Ezekiel

ദ്വേഷികൾ, നിഷ്ഠൂരന്മാർ, ഗർവ്വിഷ്ഠന്മാർ ആത്മപ്രശംസക്കാർ, പുത്തുദോഷം സങ്കല്പിക്കുന്നവർ, മാതാപിതാക്കന്മാരെ അനുസരിക്കാത്തവർ, ബുദ്ധിഹീനർ, നിയമലംഘികൾ, വാൽസല്യമില്ലാത്തവർ, കനിവററവർ. ഈ വക പ്രവർത്തിക്കുന്നവർ മരണയോഗ്യർ എന്നുള്ള ദൈവന്യായം അവർ അറിഞ്ഞിട്ടും അവയെ പ്രവർത്തിക്ക മാത്രമല്ല പ്രവർത്തിക്കുന്നവരിൽ പ്രസാദിക്കുകയുംകൂടെ ചെയ്യുന്നു.'' റോമ. 1:29-32. ''അന്യായം ചെയ്യുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു് അറിയുന്നില്ലയോ? നിങ്ങളെത്തന്നെ വഞ്ചിക്കാതിരിപ്പിൻ; ദുർന്നടപ്പുകാർ, വിഗ്രഹാരാധികൾ, വ്യഭിചാരികൾ, സ്വയഭോഗികൾ, പുരുഷകാമികൾ, കള്ളന്മാർ, അത്യാഗ്രഹികൾ മദ്യപന്മാർ, വാവിഷ്ഠാണക്കാർ, പിടിച്ചുപറിക്കാർ എന്നിവർ ദൈവരാജ്യം അവകാശമാക്കുകയില്ല.'' 1 കൊരി. 6:9.10 ''ജഡത്തിന്റെ പ്രവർത്തികളോ ദുർന്നടപ്പു്, അശുദ്ധി, ദുഷ്ക്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്തു് മുതലായവ എന്നു വെളിവാകുന്നു; ഈ വക പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല...'' ഗലാ. 5:19-21 ''...ഭീരുക്കൾ, അവിശ്വാസികൾ, അറെക്കപ്പെട്ടവർ, കൊലപാതകന്മാർ, ദുർന്നടപ്പുകാർ ക്ഷുദ്രക്കാർ, ബിംബാരാധികൾ എന്നിവർക്കും ഭോഷ്ക്കു പറയുന്ന ഏവർക്കും ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ; അതു രണ്ടാമത്തെ മരണം.'' വെളി. 21:8.

ഈ പട്ടികകളിലെ പാപങ്ങൾ നോക്കിയാൽ ഇവയൊന്നും ചെയ്തിട്ടില്ലാത്ത യാതൊരുവനും ഭൂമിയിൽ ഇല്ല. അതിനാൽ എല്ലാവരും പാപികൾതന്നെ. ഈ

നിയമങ്ങളിൻപ്രകാരം ന്യായംവിധിക്കപ്പെട്ടു നരകത്തിൽ പോകേണ്ടവരും തന്നെ. ഈ വചനങ്ങളിൻപ്രകാരം താൻ പാപി എന്നു് ഒരാൾ സമ്മതിക്കുന്നു എങ്കിൽ പാപത്തിന്റെ പരിഹാരമായി ക്രിസ്തു നിവർത്തിച്ച ക്രൂശുമരണത്തിലും തന്റെ രക്ഷണ്യപ്രവൃത്തിയിലും വിശ്വസിക്കണം. വിശ്വസിച്ചു കർത്താവിനെ ഉള്ളത്തിൽ സ്വീകരിക്കണം. "അവനെ (ക്രിസ്തുവിനെ) കൈക്കൊണ്ടു് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു" എന്നു പറഞ്ഞിരിക്കുന്നു. യോഹ. 1:12. ദൈവത്തോടു പാപങ്ങളെ ഏററുപറയണം. 'നമ്മുടെ പാപങ്ങളെ ഏററുപറയുന്നു എങ്കിൽ അവൻ (ദൈവം) നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു". 1 യോഹ 1:9. പാപങ്ങളെ ഏററുപറയുമ്പോൾ ക്രിസ്തുവിന്റെ രക്തം മുഖാന്തരം പാപങ്ങൾ കഴുകപ്പെട്ടു നാം ശുദ്ധീകരിക്കപ്പെടും. "അവന്റെ (ദൈവത്തിന്റെ) പുത്രനായ യേശുവിന്റെ രക്തം സകലപാപവും പോക്കിനമ്മെ ശുദ്ധീകരിക്കുന്നു" 1 യോഹ. 1:7.

"ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു; എന്റെ വചനം കേട്ടു് എന്നെ അയച്ചവനിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ടു്. അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽനിന്നു ജീവങ്കലേക്കു കടന്നിരിക്കുന്നു" എന്നു കർത്താവു താൻ തിരുവായ്മൊഴിഞ്ഞതാണു്. യോഹ. 5:24. ആ ദൈവവചനം ആത്മാവും ജീവനും ആകുന്നു. യോഹ. 6:63. അങ്ങനെ, രക്ഷയ്ക്കായുള്ള ദൈവവചനം ഒരു വ്യക്തി സ്വീകരിക്കുമ്പോൾ അവൻ രക്ഷിക്കപ്പെടും. ഈ വാക്യങ്ങളും ഒത്തുനോക്കുക. യോഹ 15:3; റോമ. 6:17, 18: 1 തെസ്സ. 2:13; എഫെ. 1:13, 14 വ

MGM Ministries-Article Source: Seven things in the Christian life-By Y. Ezekiel

ചനം സ്വീകരിച്ചു കഴിയുമ്പോൾ ഒരു പാപി കർത്താവിനെ സ്വീകരിച്ചു കഴിയുന്നു. അപ്പോൾ ദൈവപൈതലായി വീണ്ടും ജനിച്ചുകഴിഞ്ഞിരിക്കുന്നു. ഈ അനുഭവത്തിനുമുമ്പു ക്രിസ്തീയജീവിതം ഇല്ല. വീണ്ടും ജനനത്തോടുകൂടെ ക്രിസ്തീയ ജീവിതം ആരംഭിക്കുന്നു. ഇതു നടക്കുന്നതിനുമുമ്പുള്ള യാതൊരു പ്രവർത്തിയും ക്രിസ്തീയ അനുഷ്ഠാനമായിരിക്കുന്നില്ല. യിസ്രായേൽമക്കൾ മിസ്രയീമിൽ പണിത പീഥോം, റയംസേസ് എന്നീ സംഭാരനഗരങ്ങളെപ്പോലെയിരിക്കുന്നതേയുള്ളു. യിസ്രായേല്യക്കു യാത്രയിലാകട്ടെ കനാനിലാകട്ടെ അതുനിമിത്തം ഫലം ഒന്നും ഉണ്ടായില്ല. ഈ വീണ്ടും ജനനം ഒരു വ്യക്തിയുടെ അനുഭവത്തിൽ ഒരിക്കൽ എന്നേക്കുമായി നടക്കുന്നു. അതു് ആവർത്തിക്കുന്നില്ല; ആവർത്തിക്കുകയുമില്ല.

# 2 സ്നാനം

## 'സ്നാനം ഏററു'

ക്രിസ്തീയജീവിതത്തിനു രണ്ടു വശങ്ങളാണുള്ളതു്. ഒന്നു് വീണ്ടും ജനനവും മററതു് ജീവിതവും. ക്രിസ്തീയ ജീവിതത്തിൻെറ ഒന്നാമത്തെ പടിയാണു സ്നാനം. സ്നാനത്തെക്കുറിച്ചു രണ്ടു കാര്യങ്ങൾ ചിന്തിക്കേണ്ടതുണ്ടു്; A സ്നാനസമയം, B സ്നാനരീതി.

### A സ്നാനസമയം

സ്നാനം വിശ്വാസാനന്തരമാണെന്നു വചനം സ്പഷ്ടമായി പറയുന്നു. "വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും......" മാർക്കോ. 16:61. വിശ്വസിച്ചിട്ടു സ്നാനമേൽക്കുന്നവൻ എന്നാണു തർജ്ജമ ചെയ്യേണ്ടതു്. അതാണു് ഇവിടത്തെ

ആശയം. പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുന്നു എങ്കിൽ സ്നാനപ്പെടാം എന്നാണു് ഫിലിപ്പോസ് ഷണ്ഡനോടു പറഞ്ഞതു്. പ്രവൃ.8:36, 37. എഴുന്നേററു കർത്താവിന്റെ നാമം വിളിച്ചു പ്രാർത്ഥിച്ചു സ്നാനപ്പെടുവാനാണു പൗലോസപ്പോസ്തലനു് കല്പന ലഭിച്ചതും. പ്രവൃ. 22:16. സ്നാനാനന്തരം ഒരു വ്യക്തി കർത്താവിനെ സ്വീകരിച്ചാൽ മതി എന്നു വെളിപ്പെടുത്തുന്ന ഒരു സൂചനപോലും തിരുവെഴുത്തിൽ ഇല്ല. അതിനാൽ വിശ്വാസാനന്തരമാണു സ്നാനം എന്നതു വ്യക്തമായിരിക്കുന്നുവല്ലോ. സ്നാനശേഷം വിശ്വസിക്കുക എന്ന ഉപദേശം വേദവിപരീതം ആകുന്നു.

## B സ്നാന രീതി

തിരുവെഴുത്തു പരിശോധിക്കുന്ന ഒരു വ്യക്തിക്കു യാതൊരു സംശയവും ഉണ്ടാകാത്ത നിലയിൽ സ്നാനരീതിയും വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു. സ്നാനം എന്ന പദം ബാപ്റേറാ (Baptoo) എന്ന ഗ്രീക്കുധാതുവിൽനിന്നും ഉള്ള വാക്കാണു്. പാതാളത്തിൽ ധനവാൻ കിടന്നുകൊണ്ടു്, അബ്രാഹാമിനെ വിളിച്ചപ്പോൾ ലാസറിന്റെ വിരൽ വെള്ളത്തിൽ "മുക്കി" എന്നു പറയുന്നിടത്തു് ഈ വാക്കാണുപയോഗിച്ചിരിക്കുന്നതു്. ലൂക്കൊ. 16:24 "മുക്കി" എന്നുതന്നെ ഈ വാക്യത്തിൽ മലയാളത്തിൽവ്യക്തമായി തർജ്ജമ ചെയ്തിരിക്കുന്നു. ഈ പദവും ഇതിൽ നിന്നുളവായിട്ടുള്ള പദങ്ങളുമായി ഈ ആശയത്തെ വെളിവാക്കുന്ന പദങ്ങൾ 127 പ്രാവശ്യത്തിലധികം ഉപയോഗിച്ചിട്ടുണ്ടു്. സ്നാനത്തിന്റെ ഉപദേശ ഭാഗമായ റോമ. 6:3-6 വരെ ഭാഗങ്ങളിലും കൊലൊ. 2:12ലും ഈ സത്യം ഏററവും വ്യക്തമായിട്ടുണ്ടു്. "അല്ല, യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏററവരായ നാം എല്ലാവരും അവന്റെ മര

ണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏററിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവൻെറ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു......" "സ്നാനത്തിൽ നിങ്ങൾ അവനോടുകൂടെ അടക്കപ്പെടുകയും അവനെ മരിച്ചവരുടെ ഇടയിൽനിന്നു് ഉയിർത്തെഴുന്നേല്പിച്ച ദൈവത്തിൻെറ വ്യാപാരശക്തിയിലുള്ള വിശ്വാസത്താൽ അവനോടുകൂടെ നിങ്ങളും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു."

ദക്ഷിണ ഇൻഡ്യാ ഐക്യസഭയിലെ 'തിരുസഭാംഗപ്രബോധിനി' എന്ന പുസ്തകത്തിൽ 37-39 വരെയുള്ള പുറങ്ങളിൽ ഈ സത്യത്തെക്കുറിച്ചു് ഇങ്ങനെ പറഞ്ഞു കാണുന്നു. "അപ്പോസ്തല കാലാരംഭത്തിൽ വെള്ളത്തിൽ മുക്കി ജ്ഞാനസ്നാനം കൊടുക്കുകയാണു മിക്കവാറും പതിവായിരുന്നതു്. ഇതു മനസ്സിൽവെച്ചുകൊണ്ടു വിശുദ്ധ പൗലോസ് റോമ. 6:1-11-ൽ ക്രിസ്ത്യാനികൾ ജ്ഞാനസ്നാനത്തെക്കുറിച്ചു കരുതിക്കൊള്ളേണ്ടതെങ്ങനെയാണെന്നു വിവരിക്കുന്നു. പഴയജീവിതത്തെ വിട്ടു് എന്നെന്നേക്കുമായി പിരിഞ്ഞിരിക്കുന്നു എന്നു ജ്ഞാനസ്നാനം അടയാളപ്പെടുത്തുന്നു. വിശ്വാസി വെള്ളത്തിനടിയിൽ മുങ്ങുമ്പോൾ അവൻ ക്രിസ്തുവിൻെറ മരണത്തെ അറിയിക്കുകയും അവൻെറ പഴയസ്വയം മരിച്ചതായി ഭാവിക്കുകയും ചെയ്യുന്നു. അവൻ വെള്ളത്തിൽനിന്നുയരുമ്പോൾ യേശുക്രിസ്തുവിൻെറ പുനരുത്ഥാനത്തെക്കുറിച്ചു് ഓർമ്മിക്കുകയും താൻ മരിച്ചവരിൽ നിന്നു് ഉയിർത്തെഴുന്നേററ ഒരുത്തനെപ്പോലെ ഒരു പുതിയ മനുഷ്യനായിരിക്കുന്നു എന്നു കരുതുകയും ചെയ്യുന്നു......രണ്ടുപേർ തമ്മിൽ കാണുമ്പോൾ അന്യോന്യം വലങ്കൈകൾ കൊടുക്കുന്നതു സ്നേഹത്തിൻെറ അടയാളമാകുന്നു. അപ്രകാരം ഹസ്തദാനം ചെയ്യ

ന്നതിനാൽ സ്നേഹം സുസ്ഥിരമാകുന്നു. അതുപോലെ ഒരു വിശ്വാസി ജ്ഞാനസ്നാനം കൈക്കൊള്ളുന്നതിനാൽ യേശുക്രിസ്തുവിൽ അവനുള്ള വിശ്വാസത്തെ പരസ്യപ്പെടുത്തുകയും ബലപ്പെടുത്തുകയും ചെയ്യുന്നു...''

ലാററിൻ വാംഗേററിൽനിന്നും തമിഴിലേക്കു തർജ്ജമ ചെയ്ത തൃശ്ശിനാപ്പള്ളി ഇടവകയിൽനിന്നും റോമൻ കത്തോലിക്കർ പ്രസിദ്ധീകരിച്ചിട്ടുള്ള പുതിയനിയമത്തിൽ റോമ. 6:3-ന്റെ ഫുട്ട്നോട്ടിൽ കുറിച്ചിരിക്കുന്നതു ശ്രദ്ധിക്കുക: ''മരണത്തിനാൽ എൻപതക്കു മരണത്തിൽ സായലാക എൻറു അർത്തം കൊൾക. ഏസുനാതർ സുവാമി മരിത്തു കല്ലറൈക്കുൾ വൈക്കപ്പെട്ടതുപോല, നാമും തണ്ണീരുക്കുൾ ഞാനസ്നാനത്തിനാലേ അമിഴ്ത്തപ്പെടുകിറോം. ആതിതുവക്കത്തിൽ ഞാനസ്നാനം കൊടുക്കുംപൊതു തണ്ണീരിൽ ഒരു മുഴക്കപ്പെടുംപടി ചെയ്താർകൾ'' ''മരണത്താൽ എന്നയിന മരണത്തിന്റെ സാദൃശ്യമായി എന്നു് അർത്ഥം സ്വീകരിക്കുക. യേശുനാഥനായ കർത്താവു മരിച്ചു കല്ലറയ്ക്കകത്തു വയ്ക്കപ്പെട്ടതുപോലെ, നാമും വെള്ളത്തിനുള്ളിൽ സ്നാനത്താൽ അമിഴ്ത്തപ്പെടുന്നു. ആദിയിൽ സ്നാനം കൊടുത്തുവന്നപ്പോൾ വെള്ളത്തിൽ ഒരു മുക്കു മുക്കിവന്നു.''

സുറിയാനിയിൽനിന്നും, ബഹു: കോനാട്ട് മൽപ്പാൻ അവർകളുടെ, മലയാളത്തിലേക്കുള്ള വിവർത്തനത്തിലും സ്നാനം എന്ന വാക്കിനു് ''മമ്മോദീസാമുക്കുക'' എന്നു പല പ്രാവശ്യം തർജ്ജമ ചെയ്തിട്ടുണ്ടു്. മർക്കോ. 1:8; പ്രവൃ 4;8:15,16; റോമ. 6:3 ഇവ നോക്കുക. മത്താ. 3:1:- ''ഞാൻ നിങ്ങളെ മാനസാന്തരാർത്ഥകമായി വെള്ളത്തിൽ മുക്കുന്നു....''

ഈ സാക്ഷ്യങ്ങൾ സത്യമനസ്സാക്ഷിയുള്ള ഏതൊരുവനും ഗ്രഹിക്കത്തക്കവണ്ണം വ്യക്തമായിരിക്കുകയല്ലേ ചെയ്യുന്നതു്? ഇതിനു വിപരീതമായോ, മറ്റുവിധത്തിലും ചെയ്യാമെന്നോ അനുശാസിക്കുന്ന യാതൊരു വേദോക്തവും ഇല്ലതന്നെ. ആകയാൽ സ്നാനരീതി മുഴുകൽതന്നെയെന്നതു സ്ഫടികസ്ഫുടമാണ്. ശവസംസ്കാരത്തിൽ ശരീരത്തെ മുഴുവനായി താഴ്ത്തി മറെച്ചുവെയ്ക്കുകയാണല്ലൊ ചെയ്യുന്നതു്. അവ്വണ്ണം സ്നാനശുശ്രൂഷയിലും സ്നാനാർത്ഥി മുഴുവനായി വെള്ളത്തിനടിയിൽ താഴണം.

മത്താ. 3:15-ൽനിന്നും സ്നാനം ദൈവത്തിന്റെ ഒരു നീതിയാണെന്നു വെളിവാകുന്നു. നീതിയെന്നതു നിയമമാണ്. ദൈവരാജ്യത്തിന്റെ നിയമമാണ്. ദൈവരാജ്യത്തിൽ ആകാത്തവൻ അനുസരിക്കേണ്ടോ. വീണ്ടും ജനിച്ച ദൈവരാജ്യത്തിലായ ഒരു വ്യക്തി അനുസരിച്ചേ മതിയാകൂ.

ലൂക്കൊ. 7:30-ൽ അതു ദൈവത്തിന്റെ ആലോചനയാണെന്നു വ്യക്തമാക്കിയിരിക്കുന്നു. 'ആലോചന' എന്നതിനു് അവിടെ ഉപയോഗിച്ചിരിക്കുന്ന വാക്കു പലർ കൂടിവന്നു് ആലോചിക്കുന്നതിനെക്കുറിച്ചുപയോഗിക്കുന്നതാണ്. ദൈവത്തിന്റെ ആലോചനാസഭയിൽ പിതാവാം ദൈവവും പുത്രനും പരിശുദ്ധാത്മാവും കൂടി ആലോചിച്ചു തീർച്ചചെയ്ത ഒരു മഹത്തായ വിഷയമാണെന്നു സാരം. ദൈവത്തിന്റെ ആലോചന നമ്മുടെ ഇഷ്ടംപോലെ മാറാവുന്ന ഒന്നായിരിക്കുന്നില്ലല്ലൊ, അതു ഗൗരവതരമായതുതന്നെ.

സ്നാനം ദൈവത്തോടുള്ള നല്ല മനസ്സാക്ഷിയുടെ അപേക്ഷയാണെന്നു് 1 പത്രോ. 3:21-ൽ മലയാളത്തിൽ കാണുന്നു. നല്ല മനസ്സാക്ഷിയുടെ മറുപടിയാണെന്നു് ഇംഗ്ലീഷിൽ കാണാം; അങ്ങനെയാണു ഗ്രീക്കിലും. നിനക്കു നല്ല മനസ്സാക്ഷി ഉണ്ടോ എന്ന ചോദ്യത്തിനു് ഒരു വ്യക്തി

MGM Ministries-Article Source: Seven things in the Christian life-By Y. Ezekiel

നൽകുന്ന മറുപടിയാണെന്നോ നല്ല മനസ്സാക്ഷിക്കായി ദൈവത്തോടു കഴിക്കുന്ന അപേക്ഷയാണെന്നോ പറയാം. ഒരു വിശ്വാസിക്കു ദൈവസന്നിധിയിൽ ശുദ്ധമനസ്സാക്ഷി ഉണ്ടെങ്കിൽ അതു വെളിപ്പെടുത്തേണ്ടതു സ്നാനജലത്തിൽ അവൻ കർത്താവിനെ സാക്ഷിക്കുന്നതിനാലാണെന്നാണു ഈ വാക്യത്തിന്റെ സാരം. ശുദ്ധമനസ്സാക്ഷിയുണ്ടെങ്കിൽ മററു യാതൊരു ഒഴികഴിവും പറയാതെ പ്രവർത്തിയിൽ ഈ സ്നാനത്താൽ—മുഴുകൽസ്നാനം ഏററു—കാണിച്ചേ മതിയാകൂ. വായ്കൊണ്ടു പറഞ്ഞാൽ മാത്രം പോരാ എന്നു സാരം.

ഒരു വ്യക്തിക്കു് ആന്തരികമായി നടന്ന ആത്മീക അനുഭവങ്ങളുടെ നിഴലായും ബാഹ്യപ്രകടനമായും ജലസ്നാനം നിൽക്കുന്നു. ആ നിലയിൽ താഴെക്കാണുന്ന വിഷയങ്ങളെ അതു ചൂണ്ടിക്കാണിക്കുന്നു.

1. ക്രിസ്തുവിന്റെ മരണത്തിൽ പങ്കാളിയാകുന്നു. റോമ.6:3.
2. ക്രിസ്തുവിനോടു ചേരുന്നു. റോമ 6:3.
3. ക്രിസ്തുവിനോടുകൂടെ അടക്കപ്പെടുന്നു. റോമ.6:3; കൊലൊ.2:12.
4. ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേൽക്കുന്നു. കൊലൊ.2:12.
5. ക്രിസ്തുവിനെ ധരിക്കുന്നു. ഗലാ.3:27.
6. പാപങ്ങളെ കഴുകുന്നു. പ്രവൃ.22:16.
7. രക്ഷിക്കപ്പെടുന്നു. 1പത്രോ.3:21; മർ 16:16.

ക്രിസ്തു എനിക്കായി മരിക്കുകയും അടക്കപ്പെടുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു എന്നു് ഒരു പാപി സാക്ഷാൽ വിശ്വസിക്കുമ്പോൾ അവനും അവനോടുകൂടെ മരിച്ചതായും അടക്കപ്പെട്ടതായും ഉയിർത്തെഴുന്നേററതായും ഉള്ള ഒരു ആത്മീയചിന്തയും അനുഭവവും തനിയെ ഉണ്ടാകുന്നു. അപ്പോൾ അവന്റെ പാപങ്ങൾക്കു മോചനം

ഘരിക്കയും അവൻ രക്ഷിക്കപ്പെടുകയും ചെയ്യുന്നു. ഇതേ സത്യത്തെത്തന്നെയാണു സ്നാനം ചൂണ്ടിക്കാണിക്കുന്നതു്.

അങ്ങനെ ചൂണ്ടിക്കാണിക്കുന്ന ഒരു കർമ്മം ദൈവം തന്റെ ആലോചനാസഭയിൽ ആലോചിക്കുകയും കർത്താവു സ്നാനപ്പെട്ടു നമുക്കു മാതൃക കാണിക്കുകയും താൻ തന്നെ അതു കല്പിക്കുകയും (മത്താ. 28:19) ശിഷ്യന്മാർ അതു കല്പിക്കുകയും (പ്രവൃ. 2:38; 10:48) അതിന്റെ ഉപദേശം തരികയും മാതൃക കാണിക്കുകയും ചെയ്തുകൊണ്ടു് ഉറപ്പിച്ചുതന്നിരിക്കുന്നതിനാൽ ഇതു നമ്മുടെ യുക്തിക്കനുസരിച്ചു മാററാവുന്നതല്ല. "ദൈവം തന്നോടു കല്പിച്ചതൊക്കെയും നോഹ ചെയ്തു; അങ്ങനെതന്നെ അവൻ ചെയ്തു" (ഉല്പ. 6:22) എന്നു പറയുന്നവണ്ണം തന്റെ കല്പനയെ കൃത്യമായി അനുഷ്ഠിക്കുന്നതാണു് തനിക്കു പ്രസാദകരമായിട്ടുള്ളതു്.

നമ്മോടു കർത്താവു കല്പിക്കുന്ന എല്ലാ കല്പനകളും നാം അനുഷ്ഠിക്കുകയും കല്പിച്ചതുപോലെ അതേ മാതൃകയിൽ—കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാതെ—തന്നെ ചെയ്യുകയും ചെയ്യുന്നതാണു് കർത്താവിനു പ്രസാദകരമായിട്ടുള്ളതു്. എങ്ങനെയെങ്കിലും അതു് അനുഷ്ഠിക്കാമെന്നു നമ്മുടെ സ്വന്തവിവേകം അനുസരിച്ചു് ഈ കല്പനയെ മാററുന്നതു നന്നല്ല. അങ്ങനെ മാററിയാൽ ദൈവസന്നിധിയിൽ ലജ്ജിക്കേണ്ടതായ്‌വരും (1യോഹ. 2:28). "നിന്റെ സകല കല്പനകളെയും സൂക്ഷിക്കുന്നേടത്തോളം ഞാൻ ലജ്ജിച്ചുപോകയില്ല" എന്നു സങ്കീർത്തനക്കാരൻ പറയുകയും ചെയ്യുന്നുണ്ടല്ലോ. സങ്കീ. 119:6. അതിനാൽ ഒഴികഴിവു പറയാതെ കൃത്യമായും അക്ഷരപ്രകാരവും വചനാനുസരണം ഈ കല്പന അനുഷ്ഠിക്കുവാൻ വിശ്വാസികൾക്കേവർക്കും കർത്താവു കൃപചെയ്യുമാറാകട്ടെ!

# 3. സഭയോടു ചേരുക

## "അവരോടു ചേർന്നു"

ഈ വിഷയത്തിന്നു രണ്ടു ഭാഗങ്ങളുണ്ടു്. A. സഭയോടുചേരുക. B. ലോകത്തിൽനിന്നും വേർപെടുക.

### A. സഭയോടു ചേരുക

മററുയുഗങ്ങളിൽ രക്ഷിക്കപ്പെട്ട വ്യക്തികൾ അവിടെ ജീവിക്കുക മാത്രമാണു് ചെയ്തതു്. അവർ ഓരോ വ്യക്തികളായി വെവ്വേറെ ആയിരുന്നു. ഈ കൃപായുഗത്തിലാകട്ടെ, രക്ഷിക്കപ്പെടുന്ന എല്ലാ വ്യക്തികളും ആത്മസ്നാനത്താൽ ഓരേ ശരീരത്തിന്റെ അവയവങ്ങളെന്നവണ്ണം ഒരു സഭയുടെ അംഗങ്ങളായിത്തീരുകയാണു് ചെയ്യുന്നതു്. അങ്ങനെ ആത്മസ്നാനത്താൽ അദൃശ്യമായ ഒരു ശരീരമായി ചേർക്കപ്പെടുന്നതുപോലെ ജലസ്നാനത്താൽ ദൃശ്യസഭയുടെ അംഗമായിട്ടു വിശ്വാസി ചേർക്കപ്പെടുന്നു.

പെന്തെക്കോസ്തു ദിവസത്തിൽ 120-ഓളം പേർ കൂടിയിരുന്നു. അവർ ആത്മസ്നാനം പ്രാപിച്ചപ്പോൾ ഒരേ സഭയായിത്തീർന്നു. അന്നുതന്നെ മൂവായിരത്തോളം പേർ അവരോടു ചേർന്നു അഥവാ സഭയോടു ചേർന്നു. പിന്നീടു ദിനന്തോറും രക്ഷിക്കപ്പെടുന്നവരെ കർത്താവു് സഭയോടു ചേർത്തുകൊണ്ടിരിക്കുന്നു. പ്രവൃത്തി. 2:47. അദൃശ്യസഭയോടാണു് അദൃശ്യനായ കർത്താവു് അദൃശ്യമായനിലയിൽ ഇന്നു ചേർത്തുകൊണ്ടിരിക്കുന്നതു്. അവ്വണ്ണംതന്നെ, ഇന്നും വിശ്വാസികൾ കർത്താവിൽ വിശ്വസിക്കുമ്പോൾ ദൃശ്യരായ വിശ്വാസികളുടെ കൂട്ടായ്മയിലേക്കു ചേർന്നുവരേണ്ടതു് ആവശ്യമാണു്. സഭയുടെ ആദ്യകാലയളവിൽ രക്ഷിക്കപ്പെട്ടവർ ആയിരക്കണക്കായി വർദ്ധിച്ചുപെരുകീട്ടും ഒരുമിച്ചു കൂടിയിരുന്നതു് (പ്രവൃത്തി. 4:4; 5:13,14) ഇന്നും വിശ്വാസികൾ ഒരുമിച്ചു

ചേർന്നു കൂട്ടായ്മയിൽ മുമ്പോട്ടു പോകണമെന്ന സത്യത്തെ ചൂണ്ടിക്കാണിക്കുവാനായി കർത്താവു നടത്തിയ പ്രവൃത്തിയായിരുന്നു.

എല്ലാവരും ഒരുമിച്ചു യെരുശലേമിൽ ജീവിക്കുവാൻ കർത്താവു് അനുവദിച്ചുകൊണ്ടു് ഈ സത്യത്തെ തെളിയിച്ചശേഷം, വിശ്വാസികളെ ചിതറിച്ചു പല സ്ഥാനങ്ങളിലാക്കി അവിടവിടെ സഭാക്കൂടിവരവുകൾ ഉണ്ടാക്കുകയും അങ്ങനെ സ്ഥലംസഭകൾ രൂപവൽക്കരിക്കപ്പെടുകയും ചെയ്തു. അങ്ങനെതന്നെ ഇന്നും, രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ട വിശ്വാസികൾ ചേർന്നുള്ള സ്ഥലംസഭകൾ ഇല്ലാത്തിടത്തു് അതു് ഉണ്ടാകുകയും അത്തരം സഭാക്കൂടിവരവു് ഉള്ള സ്ഥലങ്ങളിൽ രക്ഷിക്കപ്പെട്ടവരും രക്ഷിക്കപ്പെടുന്നവരുമായ വിശ്വാസികൾ സ്നാനപ്പെട്ടു് ആ വിശ്വാസികളുടെ കൂട്ടായ്മയിൽ ചേർന്നുപോകുകയും ചെയ്യേണ്ടതാണു്. "അവരോടുചേർന്നു" എന്നു പറയുന്നതിൽനിന്നും ഈ സത്യം വെളിവാക്കിയിരിക്കുന്നു.

## B. ലോകത്തിൽനിന്നും വേർപെടുക

വിശ്വാസികൾ ഒരുമിച്ചുകൂടുമ്പോൾ അവിശ്വാസികളിൽനിന്നും വേർപെടുക എന്ന കാര്യം തനിയെ നടക്കുന്നു. അതു നടന്നേ മതിയാകുകയുമുള്ളതാനും. അതിനെക്കുറിച്ചും ഏററവും വ്യക്തമായി തിരുവെഴുത്തു പറയുന്നു.

പൗരോഹിത്യനിലയിൽ ഭൂമിയിൽ കർത്താവിന്നു് ഇന്നുള്ള സ്ഥാനം പാളയത്തിന്നു പുറത്താണു്. അതിനാൽ നാമും പൊതുജനത്തിൽനിന്നും വേർപെട്ടു് കർത്താവിന്റെ അടുക്കലേയ്ക്കു്, അവന്റെ നിന്ദചുമന്നുകൊണ്ടു പാളയത്തിന്നു പുറത്തു ചെല്ലുവാൻ എബ്രായലേഖനകർത്താവു്

വ്യക്തമായി ആഹ്വാനം ചെയ്യുന്നു. എബ്രാ. 13:12,13. ഈ വിഷയത്തിന്നു യാതൊരു വ്യാഖ്യാനത്തിന്റെയും ആവശ്യമില്ല 2കൊരി. 6:14-17:-

“നിങ്ങൾ അവിശ്വാസികളോട് ഇണയില്ലാപ്പിണ കൂടരുതു്; നീതിക്കും അധർമ്മത്തിന്നും തമ്മിൽ എന്തൊരു ചേർച്ച? വെളിച്ചത്തിന്നു് ഇരുളോട് എന്തൊരു യോജ്യത? ക്രിസ്തുവിന്നും ബെലിയാലിന്നും തമ്മിൽ എന്തു പൊരുത്തം? അല്ല, വിശ്വാസിക്കു് അവിശ്വാസിയുമായി എന്തു് ഓഹരി? ദൈവാലയത്തിന്നു വിഗ്രഹങ്ങളോടു് എന്തു യോജ്യത? നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലൊ; ഞാൻ അവരിൽ വസിക്കയും അവരുടെ ഇടയിൽ നടക്കയും ചെയ്യും; ഞാൻ അവർക്കു ദൈവവും അവർ എനിക്കു ജനവും ആകും എന്നു ദൈവം അരുളിച്ചെയ്തിരിക്കുന്നുവല്ലോ. അതുകൊണ്ടു് അവരുടെ നടുവിൽ നിന്നു പുറപ്പെട്ടു വേർപെട്ടിരിപ്പിൻ എന്നു കർത്താവു് അരുളിച്ചെയ്യുന്നു; അശുദ്ധമായതു് ഒന്നും തൊടരുതു്; എന്നാൽ ഞാൻ നിങ്ങളെ കൈക്കൊണ്ടു നിങ്ങൾക്കു പിതാവും നിങ്ങൾ എനിക്കു പുത്രന്മാരും പുത്രിമാരും ആയിരിക്കും എന്നു സർവ്വശക്തനായ കർത്താവു് അരുളിച്ചെയ്യുന്നു.”

പാപികളിൽനിന്നും അഥവാ രക്ഷിക്കപ്പെടാത്തവരിൽനിന്നും വേർപെട്ടുള്ള സഭാജീവിതം നയിക്കുവാൻ സർവ്വശക്തിയുള്ള ദൈവമായ കർത്താവു് അരുളിച്ചെയ്യുകയാണു്. ഈ കല്പന ഇവിടെ വ്യക്തവും ഖണ്ഡിതവുമായിരിക്കുന്നതുപോലെതന്നെ കല്പിക്കുന്ന ആളിനെക്കുറിച്ചു ഉപയോഗിച്ചിരിക്കുന്ന വാക്കും ശക്തിയായിട്ടുള്ളതാണു്. “സർവ്വശക്തിയുള്ള ദൈവമായ കർത്താവു്” ആണു് അരുളിച്ചെയ്യുന്നതു്. യാതൊരു പ്രകാരത്തിലും കല്പനയിൽനിന്നും ഒഴിഞ്ഞുമാറുവാൻ ഇടതന്നിട്ടില്ല.

ഉപദേശപരമായും ജീവിതപരമായും തെററിയിരിക്കുന്ന വിശ്വാസികളിൽനിന്നുകൂടെയും വേർപെടേണ്ടതു് ആവശ്യമാണെന്നു താഴെപ്പറയുന്ന വാക്യങ്ങളിൽ നിന്നും ഗ്രഹിക്കാവുന്നതാണു്. റോമ. 15:17:— "സഹോദരന്മാരെ, നിങ്ങൾ പഠിച്ച ഉപദേശത്തിന്നു വിപരീതമായ ദ്വന്ദ്വപക്ഷങ്ങളെയും ഇടർച്ചകളേയും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചു കൊള്ളേണമെന്നു ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു".

1കൊരി. 5:9-13:- "ദുർന്നടപ്പുകാരോടു സംസർഗ്ഗം അരുതു്... സഹോദരൻ എന്നു പേർപെട്ട ഒരുവൻ ദുർന്നടപ്പുകാരനോ അത്യാഗ്രഹിയോ വിഗ്രഹാരാധിയോ വാവിഷ്ഠാണക്കാരനോ മദ്യപനോ പിടിച്ചുപറിക്കാരനോ ആകുന്നു എങ്കിൽ അവനോടു സംസർഗ്ഗം അരുതു്; അങ്ങനെയുള്ളവനോടുകൂടെ ഭക്ഷണം കഴിക്കപോലും അരുതു്... ആ ദുഷ്ടനെ നിങ്ങളുടെ ഇടയിൽനിന്നു നീക്കിക്കളവിൻ".

2തെസ്സ 3:6,14:- "സഹോദരന്മാരേ, ഞങ്ങളോടു പ്രാപിച്ച പ്രമാണംവിട്ടു ക്രമംകെട്ടു നടക്കുന്ന ഏതു സഹോദരനോടും അകന്നുകൊള്ളേണം എന്നു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ നിങ്ങളോടു് ആജ്ഞാപിക്കുന്നു". "ഈ ലേഖനത്തിലുള്ള ഞങ്ങളുടെ വാക്കു് അനുസരിക്കാത്തവൻ നാണിക്കേണ്ടതിന്നു് അവനോടുള്ള സംസർഗ്ഗം വിട്ടു് അവനെ വേർതിരിപ്പിൻ".

2തിമൊ.3:1-5:- "അങ്ങനെയുള്ളവരെ വിട്ടൊഴിയുക". തീത്തൊ.3:10:- "സഭയിൽ ഭിന്നത വരുത്തുന്ന മനുഷ്യനോടു് ഒന്നുരണ്ടു വട്ടം ബുദ്ധി പറഞ്ഞശേഷം അവനെ ഒഴിക്ക". 2യോഹ.9,11:-"ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനിൽക്കാതെ അതിർകടന്നുപോകുന്ന ഒരുത്തന്നും ദൈവം ഇല്ല; ഉപദേശത്തിൽ നിലനിൽക്കുന്നവന്നോ

MGM Ministries-Article Source: Seven things in the Christian life-By Y. Ezekiel

പിതാവും പുത്രനും ഉണ്ടു്; ഒരുത്തൻ ഈ ഉപദേശവുംകൊണ്ടു് അല്ലാതെ നിങ്ങളുടെ അടുക്കൽ വരുന്നുവെങ്കിൽ അവനെ വീട്ടിൽ കൈക്കൊള്ളരുതു്: അവനു കുശലം പറകയും അരുതു്. അവനു കുശലംപറയുന്നവൻ അവൻെറ ദുഷ്പ്രവൃത്തികൾക്കു കൂട്ടാളിയല്ലോ.

ഇതിനു വിപരീതമായി വിശാലഹൃദയമുള്ളവരായിരിക്കണമെന്നു പറയുന്നവർ ചിലർ ആ വിധം പറഞ്ഞുകൊണ്ടു്, തിരുവെഴുത്തുകളുടെ ഉപദേശത്തിനു കടകവിരുദ്ധമായി പുറപ്പെടുവിക്കുന്ന അഭിപ്രായം ദൈവഹിതത്തിൽ നിന്നും എത്രമാത്രം അകന്നിരിക്കുന്നു എന്നു കാണുക!! രക്ഷിക്കപ്പെട്ട ഒരു വിശ്വാസി സ്നാനപ്പെട്ടു് ഈ വിധത്തിൽ വേർപാടുജീവിതവും, സഭാജീവിതവും അനുഷ്ഠിക്കേണ്ടതു് ഒഴിച്ചുകൂടാത്ത ആവശ്യമാകുന്നു.

മേൽവിവരിച്ച മൂന്നു വിഷയങ്ങൾ ഒരിക്കൽ എന്നേക്കുമായി അനുഷ്ഠിക്കേണ്ടതാകുന്നു. രക്ഷിക്കപ്പെടുന്നതു് ഒരിക്കൽ എന്നെന്നേക്കുമായിട്ടാണു്. അവ്വണ്ണം, രക്ഷിക്കപ്പെട്ട വിശ്വാസി, പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ സ്നാനപ്പെട്ട വിശ്വാസികളോടു ചേരേണ്ടതും ഒരിക്കൽ എന്നേക്കുമായിട്ടു വേണ്ടതാകുന്നു. ആ വേർപാടുജീവിതം ജീവിതാന്ത്യത്തോളം പുലർത്തിക്കൊണ്ടുപോകുകയും വേണം. എന്നാൽ പ്രവൃ. 2:42-ൽകാണുന്ന നാലു കാര്യങ്ങൾ തുടർമാനമായി ചെയ്തുകൊണ്ടിരിക്കേണ്ടവയാണു്. അവ നോക്കാം.

# 4. വചനപഠനം

## 'അപ്പൊസ്തലൻമാരുടെ ഉപദേശം കേട്ടു'

ഇതു വചനപഠനത്തെ കാണിക്കുന്നു. റോമാമുതൽ യൂദാവരെയുള്ള 21 ലേഖനങ്ങളും പുതിയനിയമത്തിലെ മററു പുസ്തകങ്ങളിലെ പല ഭാഗങ്ങളും അപ്പൊസ്തല

ന്മാരുടെ നേരിട്ടുള്ള ഉപദേശങ്ങളാണ്. കർത്താവിന്റെ വാക്കുകളും അപ്പൊസ്തലന്മാർ പഠിപ്പിച്ചു. അങ്ങനെ പുതിയനിയമം മുഴുവൻ ഇതിൽ ഉൾപ്പെടുന്നു. പുതിയനിയമം പഴയനിയമത്തിന്റെ വ്യാഖ്യാനഗ്രന്ഥവും പഴയനിയമം പുതിയനിയമസത്യങ്ങളുടെ വിശദീകരണത്തിനുള്ള ഗ്രന്ഥവും ആകുന്നു. അപ്പൊസ്തലന്മാർ കർത്താവിനെക്കുറിച്ചും പുതിയനിയമ സത്യങ്ങളെക്കുറിച്ചും വ്യാഖ്യാനിച്ചു തെളിയിച്ചതും പഴയനിയമ തിരുവെഴുത്തുകളിൽ നിന്നുമായിരുന്നു. അങ്ങനെ മുഴുവേദപുസ്തകവും ഉപദേശപഠനത്തിനായി ദൈവം നമുക്കു തന്നതുതന്നെയാണ്. 2തിമൊ. 3:16,17:—

‘എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന്നു ഉപദേശത്തിന്നും ശാസനത്തിന്നും ഗുണീകരണത്തിന്നും നീതിയിലെ അഭ്യാസത്തിന്നും പ്രയോജനമുള്ളതു ആകുന്നു.”

1പത്രൊ. 2:1,2:—

“...ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷെക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ.” 1കൊരി. 2:6-16:—

“എന്നാൽ തികഞ്ഞവരുടെ ഇടയിൽ ഞങ്ങൾ ജ്ഞാനം സംസാരിക്കുന്നു...ദൈവത്തിന്റെ ജ്ഞാനമത്രേ മർമ്മമായി ഞങ്ങൾ പ്രസ്താവിക്കുന്നു. അതു ഞങ്ങൾ മാനുഷജ്ഞാനം ഉപദേശിക്കുന്ന വചനങ്ങളാൽ അല്ല, ആത്മാവു ഉപദേശിക്കുന്ന വചനങ്ങളാൽ തന്നെ പ്രസ്താവിച്ചുകൊണ്ടു ആത്മീകന്മാർക്കു ആത്മീകമായതു തെളിയിക്കുന്നു...”

MGM Ministries-Article Source: Seven things in the Christian life-By Y. Ezekiel

എഫെ. 3:18; എബ്രാ. 10:24,25; 5:11 മുതൽ 6:3 വരെ എന്നീ ഭാഗങ്ങളും കൂടെ നോക്കുക.

ഈ ഭാഗങ്ങളിൽനിന്നും വചനപഠനത്തിന്റെ ആവശ്യകതയും കല്പനയും ആരിൽനിന്നും വചനം പഠിക്കണമെന്നും വ്യക്തമായിക്കാണുവാൻ കഴിയും. ആത്മീയസത്യങ്ങൾ ആത്മീയന്മാരിൽനിന്നും ദൈവാത്മാവിന്റെ സഹായത്താൽ ആത്മീകന്മാർ അഥവാ വിശ്വാസികൾ പഠിക്കണം. അവിശ്വാസികളിൽനിന്നും ഇക്കാര്യങ്ങൾ വ്യാഖ്യാനിക്കപ്പെട്ടു പഠിക്കരുതു്. സഭയായി കൂടിവന്നാണു പഠിക്കേണ്ടതും. അതാണു സഭയ്ക്കുള്ള പൊതുവ്യവസ്ഥ. വിശ്വാസികളുടെ എഴുത്തുകളിൽനിന്നും വ്യാഖ്യാനഗ്രന്ഥങ്ങളിൽനിന്നും പഠിക്കാമെങ്കിലും അതുകൊണ്ടുമാത്രം മതിയാകുന്നതല്ല. എബ്രാ. 10:24,25 വീണ്ടും സൂക്ഷിക്കുക.

"ചിലർ ചെയ്യുന്നതുപോലെ നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ തമ്മിൽ പ്രബോധിപ്പിച്ചുകൊണ്ടു സ്നേഹത്തിനും സൽപ്രവൃത്തികൾക്കും ഉൽസാഹം വർദ്ധിപ്പിപ്പാൻ അന്യോന്യം സൂക്ഷിച്ചുകൊൾക. നാൾ സമീപിക്കുന്നു എന്നു കാണുന്തോറും അതു് അധികമധികമായി ചെയ്യേണ്ടതാകുന്നു." കർത്താവിന്റെ വരവു് ഏറ്റവും സമീപിച്ചിരിക്കുന്ന ഇക്കാലത്തു് ഇതു് വളരെ അധികമായി ചെയ്യേണ്ടതാണെന്നല്ലെ ഈ വാക്യം വിളിച്ചു പറയുന്നതു്?

സഭാകൂടിവരവിലെ ഈവിധ കാര്യങ്ങൾ നടക്കേണ്ടവിധം എങ്ങനെയാണെന്നു് 1 കൊരി. 14:26-34 വരെയുള്ള ഭാഗങ്ങളിൽ കാണുന്നുണ്ടു്. അന്നുണ്ടായിരുന്ന ചില വരപ്രാപ്തികൾക്കും നിലകൾക്കും ചില വ്യത്യാസങ്ങൾ നേരിട്ടിട്ടുണ്ടെങ്കിലും സഭായോഗത്തിൽ കൃപാവരങ്ങളുടെ ഉപയോഗരീതി അവിടെ പറയുന്നതുതന്നെയാണു് ആത്മാവു

സ്ഥാപിച്ചിട്ടുള്ളത്. ഒരാളോ പ്രത്യേക ശുശ്രൂഷയ്ക്കായി മനുഷ്യർ നിയമിച്ചിട്ടുള്ളവരോ അതു ചെയ്യുകയല്ല വേണ്ടതു്. "എല്ലാവരും പഠിപ്പാനും എല്ലാവർക്കും പ്രബോധനം ലഭിപ്പാനുമായി നിങ്ങൾക്കു് എല്ലാവർക്കും ഓരോരുത്തനായി പ്രവചിക്കാമല്ലോ."

ങ്ങളുടെ ഈവിധ കൃപാവരങ്ങൾ പൊതുസഭയിൽ ഉപയോഗിക്കുന്നതിൽനിന്നും സ്ത്രീകളെമാത്രം ഒഴിച്ചിരിക്കുന്നു. കൃപാവരങ്ങളുള്ള സഹോദരൻമാർ എല്ലാവരും ഓരോരുത്തരായി സംസാരിക്കുകയും ശേഷമുള്ളവർ വിവേചിക്കയും പഠിക്കയും ചെയ്തുകൊണ്ടു്, അങ്ങനെ അന്യോന്യം പ്രബോധിപ്പിക്കപ്പെടുകയും പഠിപ്പിക്കപ്പെടുകയും ചെയ്യുക.

ഈ ആവശ്യത്തിൽനിന്നു് ഒഴിവുള്ളവനായി ഈ അനുഭവത്തിനുമീതെ എത്തിച്ചേർന്ന ഒരു വിശ്വാസിയും ലോകത്തിൽ ഇല്ല; ഉണ്ടായിട്ടില്ല ഉണ്ടാകുകയുമില്ല. എനിക്കു് മററുള്ളവരിൽനിന്നു പഠിക്കുവാൻ ആവശ്യമില്ലെന്നു തോന്നുന്ന നിലയിൽ ഏതെങ്കിലും ഒരു വിശ്വാസി എത്തിച്ചേർന്നിട്ടുണ്ടെങ്കിൽ, അവൻ ആത്മീക നിഗളത്തിൽ എത്തിയെന്നും പിശാചിന്റെ കണിയിൽ കുടുങ്ങിയിരിക്കയാണെന്നും അറിഞ്ഞു വിനയപ്പെട്ടു തന്റെ ആ പാപം ഏററു പറഞ്ഞു സഭാന്തരീക്ഷത്തിലേക്കു മടങ്ങി വരട്ടെ!

ഒരു വ്യക്തിമാത്രം നിന്നു് യോഗങ്ങളെ നിയന്ത്രിക്കുകയും നടത്തുകയും ചെയ്യുന്ന രീതി വചനത്തിൽ നിന്നും എത്രകണ്ടു് അന്യമായിരിക്കുന്നുവെന്നു കാണുക. വചനത്തിൽ നാം കണ്ട മാതൃകയിൽനിന്നും വ്യതിചലിക്കാതെ ഉചിതമായും ക്രമമായും കാര്യങ്ങൾ നടക്കണം.

ആത്മീയഗീതങ്ങളും കവിതകളും ഇവയിൽ ഉപയോഗിക്കേണ്ടവിധം എഫേ. 5:18-21; കൊലൊ. 3:16

ഈ ഭാഗങ്ങളിൽ പറഞ്ഞിട്ടുണ്ട്. "സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീയഗീതങ്ങളാലും തമ്മിൽ പഠിപ്പിച്ചും ബുദ്ധി ഉപദേശിച്ചും നന്ദിയോടെ നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിന്നു പാടിയും ഇങ്ങനെ ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി സകലജ്ഞാനത്തോടും കൂടെ നിങ്ങളിൽ വസിക്കട്ടെ". ഇവയാലും തമ്മിൽ വചനം പഠിപ്പിക്കപ്പെട്ട് വചനം ഐശ്വര്യമായി വിശ്വാസികളുടെ മദ്ധ്യേവസിക്കയും ക്രിസ്തു എന്ന തലയോളം നാം വളരുകയും ചെയ്യുക. അതിന്നായി കർത്താവ് ഓരോ വിശ്വാസിക്കും കൃപ പകരുമാറാകട്ടെ.

## 5. കൂട്ടായ്മ

### "കൂട്ടായ്മ ആചരിച്ചു"

സഹകരണം, സഹവാസം എന്നീ അർത്ഥങ്ങളാണു പ്രധാനമായിട്ട് ഈ വാക്കിനുള്ളത്. അന്ന് ആദ്യവിശ്വാസികൾ ഒന്നിച്ചുകൂടി ജീവിച്ചു ഭക്ഷിക്കുകയും കുടിക്കുകയും ചെയ്തിരുന്നതിൽ ഇതു വെളിപ്പെടുത്തി. മൂന്നാം ഭാഗത്തു് വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഈ വിഷയവുമായി ബന്ധപ്പെട്ടതാണ്. വിശ്വാസികളോടു ചേരുന്നതും അവിശ്വാസികളോടു വേർപെടുന്നതും ഇതിന്റെ പ്രാരംഭമാകുന്നു. ആ നിലയിൽ വിശ്വാസികൾ ഒരുമിച്ച് ആത്മീയകാര്യങ്ങൾ സഹകരിച്ചു മുൻപോട്ടു പോകുന്നലാണു കൂട്ടായ്മജീവിതം നടക്കുന്നതു്. ഈവിധ അർത്ഥത്തിൽ നാൽപ്പതോളം പ്രാവശ്യം ഈ വാക്ക് പുതിയനിയമത്തിൽ ഉപയോഗിച്ചിട്ടുണ്ട്.

വിശ്വാസി രക്ഷിക്കപ്പെട്ടപ്പോൾ ദൈവവുമായി അവനുണ്ടായ കൂട്ടായ്മ, സഹവിശ്വാസികളുമായി ഉണ്ടാകു

ന്നതു് അവർ വിശ്വാസത്തിൽ ഏകീഭവിച്ചു മുമ്പോട്ടു പോകുന്നതിനാലാണ്. 1യോഹ.1:3. സുവിശേഷവേലയിൽ സഹകരിച്ചുള്ള പ്രവർത്തനവും ഈ വിഷയത്തിൽ ഉൾപ്പെടുന്നു. ഗലാ.2:9; ഫിലി.1:5. സുവിശേഷപ്രവർത്തനം സഭയുടെ ഒഴിച്ചുകൂടാത്ത കടമയും, അതിനാൽ ഓരോ വിശ്വാസിയും അതിൽ ഏതെങ്കിലും നിലയിൽ സജീവമായ പങ്കുവഹിക്കേണ്ടതും ആകുന്നു. ദൈവം നമ്മെ രക്ഷിച്ചതിന്റെ പ്രധാന ഉദ്ദേശ്യങ്ങളിൽ ഒന്നു് അതാണ്. അതിനാൽ സുവിശേഷഘോഷണത്തിലുള്ള കൂട്ടായ്മ ആചരിക്കപ്പെടേണ്ടതുതന്നെ. രക്ഷിക്കപ്പെടാത്തവരുമായി അങ്ങനെ സഹകരിച്ചു പ്രവർത്തിക്കുവാൻ സാദ്ധ്യമല്ല.

പങ്കാളികൾ, സഖിമാർ, കൂട്ടുകാർ എന്നീ ആശയങ്ങളിലും ഈ വാക്കു് ഉപയോഗിച്ചിട്ടുണ്ടു്. 2കൊരി1:7; 8:23; 2പത്രോ 1:4;ലൂക്കോ 5:10. ഒരു വിശ്വാസിയുടെ കൂട്ടുകാർ വിശ്വാസികൾതന്നെ ആയിരിക്കണമെന്ന സത്യത്തെ ഇതു തെളിയിക്കുന്നു ഒരുവന്റെ കൂട്ടുകെട്ടു് ഏതു നിലയിലാണോ ആ നിലയിലായിരിക്കും അവന്റെ സ്വഭാവവും. വിശ്വാസികളുമായുള്ള ബന്ധത്തോടുകൂടെയല്ലാതെ വിശ്വാസി തനിച്ചു് അഥവാ ഒററയ്ക്കു ജീവിക്കരുതു് എന്ന സത്യവും ഇതു കാണിക്കുന്നു, വനത്തിലെ ഒററയാൻ കണക്കു ജീവിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്ന ആളുകൾ ഉണ്ടു്. അവരുടെ പ്രസംഗപീഠത്തിൽ മററാർക്കും പ്രസംഗിക്കുവാൻ സാധ്യമല്ല. പ്രസംഗിച്ചാൽ വലിയ പോരു തന്നെ ആയിരിക്കും.

ഒരിക്കൽ ഹിമാലയപ്രാന്തങ്ങളിൽക്കൂടെ സുന്ദരസിംഗ് സഞ്ചരിച്ചുകൊണ്ടിരുന്നപ്പോൾ ഒരുദിവസം അതിശൈത്യമായിരുന്നു. മിക്കവാറും മരവിച്ചു മരിച്ചുപോകുമെന്നു് തോന്നി. അതിനാൽ തന്റെ കൂട്ടുകാരനെ രണ്ടുപേരുടെയും മുതുകുവശം ചേർന്നിരിക്കത്തക്കവിധം എടുത്തുകൊണ്ടു

നടന്നതായും അങ്ങനെ ആ രാത്രിയിൽ മരണവക്ത്രത്തിൽനിന്നും ഇരുവരും രക്ഷപ്രാപിച്ചതായും വായിച്ചിട്ടുണ്ടു്. അതുപോലെ, ആത്മിക ജീവിതത്തിൽചൂടും ചൈതന്യവും വിശ്വാസികൾക്ക് അന്യോന്യം നൽകുന്നതാണു് കൂട്ടായ്മജീവിതം. "യഹോവാഭക്തന്മാർ അന്നു തമ്മിൽ തമ്മിൽ സംസാരിച്ചു; യഹോവ ശ്രദ്ധവെച്ചു കേട്ടു..." എന്നു മലാഖി. 3:16-ൽ പറഞ്ഞിരിക്കുന്നതും ഈ വിഷയത്തിൽ നമുക്കു പ്രബോധനം തരുന്നതാണ്. തനിച്ചു ജീവിക്കുന്ന വിശ്വാസി ഒററയ്ക്കു വയ്ക്കപ്പെട്ട തീക്കനൽ പോലെയാണു വേഗം തണുത്തുകറുത്തുപോകും. തീക്കനൽ കൂട്ടമായിരിക്കുമ്പോൾ തമ്മിൽ ചൂടുപിടിച്ചു് തിളങ്ങിക്കൊണ്ടിരിക്കും. ജ്വലിച്ചു പ്രകാശിക്കുകയും ചെയ്യും. വിശ്വാസിയും അങ്ങനെതന്നെ കൂട്ടായ്മ ജീവിതം നയിക്കണം.

2കൊരി.8, 9 അദ്ധ്യായങ്ങളിൽ ദരിദ്രരായ വിശ്വാസികൾക്കുവേണ്ടിയുള്ള ധർമ്മശേഖരത്തെക്കുറിച്ചു പറയുമ്പോഴും ഈ വാക്കു് ഉപയോഗിക്കുന്നുണ്ടു്. മുട്ടുള്ള വിശ്വാസിക്കു ധനസഹായം ചെയ്യുന്നതും കൂട്ടായ്മജീവിതത്തിന്റെ ഒരു ഭാഗമാണ്. 2കൊരി 8:3;9:13. പകുത്തു കൊടുക്കുക അഥവാ ഓഹരി കൊടുക്കുക എന്നും ഈ വാക്കിനു് അർത്ഥമുണ്ടു്. കർത്താവിന്റെ വേലക്കാർക്കു വിശ്വാസിയുടെ വരുമാനത്തിൽ ഒരു ഭാഗം കൊടുക്കുന്നതും വേലയിലും വേലക്കാരോടും ഉള്ള കൂട്ടായ്മയാണു്. എബ്രാ. 13:16; ഗലാ.6:6; ഫിലി. 4:15; റോമ. 12:13.

ഇങ്ങനെ കൂട്ടായ്മയ്ക്കു വിവിധവശങ്ങളുണ്ടു്. തിരുവത്താഴത്തെമാത്രം കൂട്ടായ്മയായി ഗ്രഹിക്കുന്നവരും ഇല്ലാതില്ല. അതു കൂട്ടായ്മയെ വെളിപ്പെടുത്തുന്ന ഒരു രംഗവും ശുശ്രൂഷയും ആണു്. മുൻകാണിച്ച കൂട്ടായ്മകളും അനുഷ്ഠിക്കപ്പെടുന്നില്ലെങ്കിൽ കർത്തൃമേശയിൽമാത്രം വെളിപ്പെടുത്തുന്ന കൂട്ടായ്മയ്ക്കു യാതൊരു വിലയുമില്ല.

# 6. തിരുവത്താഴം

## “അപ്പം നുറുക്കി”

ഈ വിഷയത്തെ തെളിയിക്കുവാൻ മൂന്നു പ്രയോഗങ്ങൾ തിരുവെഴുത്തിൽ കൊടുത്തിട്ടുണ്ടു്; അപ്പംനുറുക്കൽ. പ്രവൃ 2:46; 20:7; കർത്താവിന്റെ അത്താഴം. 1കൊരി. 11:20; കർത്താവിന്റെ മേശ. 1കൊരി. 10:21.

ആദിയിൽ ശിഷ്യന്മാർ യെരുശലേമിൽമാത്രം കൂടിയിരുന്നപ്പോൾ അവർ ദിനംപ്രതി അപ്പംനുറുക്കിവന്നു. പ്രവൃ 2:46 എന്നാൽ സ്ഥലംസഭകൾ ക്രമീകരിക്കപ്പെട്ടപ്പോൾ ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ (ഞായറാഴ്ച) അപ്പം നുറുക്കിവന്നു അപ്പം നുറുക്കൽ, ആരാധന, സഭായോഗം ഇവയ്ക്കായിട്ടാണു് ഒന്നാംദിവസത്തിലെ കൂടിവരവു് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. അതു് ഇന്നേയോളം നടന്നു വരുന്നതും ഈ യുഗത്തിന്റെ അന്ത്യത്തോളം നടക്കേണ്ടതും ആകുന്നു. പ്രവൃ. 20:6-12 വരെയുള്ള ഭാഗങ്ങളിൽനിന്നും ഇക്കാര്യം വെളിവാകുന്നുണ്ടു്. പൗലോസപ്പോസ്തലന്റെയും മററും സുവിശേഷയാത്രയ്ക്കിടയിൽ ഏഴു ദിവസം താമസിച്ച സ്ഥലത്തു് ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം മാത്രം അപ്പംനുറുക്കുവാൻ കൂടിവന്നു. അതു് ആവശ്യവുമാണു്.

അത്താഴം എന്ന വാക്കു് ഇതിനോടു ചേർത്തു പറയുന്നതുകൊണ്ടു് ഇതു രാത്രിയിൽ ആചരിക്കണമെന്നു ധരിക്കുന്നവരും അങ്ങനെ ആചരിക്കുന്നവരും ഉണ്ടു്. എന്നാൽ അതു തിരുവെഴുത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതല്ല. ‘അത്താഴം’ എന്ന വാക്കിനു് ആഹാരം, പ്രധാന ആഹാരം വിരുന്നു്, അത്താഴം എന്നെല്ലാം അർത്ഥങ്ങൾ ഉണ്ടു്.

വെളി. 19:18-ൽ ഹർമ്മഗെദ്ദോൻയുദ്ധത്തിൽ പട്ടുപോകുന്നവരുടെ ശവം പക്ഷികൾക്കു് അത്താഴം എന്നു പറഞ്ഞിരിക്കുന്നതു നോക്കുക. അതിനെ "മഹാദൈവത്തിന്റെ അത്താഴം" എന്നു പറഞ്ഞിരിക്കുന്നു. ഏഴുമാസക്കാലം ശവമടക്കം നീണ്ടുനിൽക്കുന്ന ആ ശവങ്ങളെ പക്ഷികൾ രാത്രിയിലെ അത്താഴസമയത്തു് വന്നുഭക്ഷിക്കും എന്നാണോ മനസ്സിലാക്കേണ്ടതു്? യെഹെ. 39:12. 'അത്താഴം' എന്നതിനുള്ള ഈ ഗ്രീക്കുവാക്കിനെ മർക്കോ.6:21-ൽ "വിരുന്നു" എന്നു മലയാളത്തിൽ തർജ്ജമ ചെയ്തിരിക്കുന്നു.

മാത്രമല്ല, ഇതു നമ്മുടെ അത്താഴമല്ല; കർത്താവിന്റെ അത്താഴമാണു്. കർത്താവിന്റെ അന്ത്യഅത്താഴത്തോടു ചേർത്തു് ഇതു് ആചരിച്ചതുകൊണ്ടും വിശ്വാസത്താൽ കർത്താവിനെ ഭക്ഷിക്കുകയും പാനംചെയ്യുകയും ചെയ്യുന്നതിന്റെ അടയാളമായിരിക്കുന്നതുകൊണ്ടും കർത്താവിന്റെ അത്താഴം എന്നു നാമകരണം ചെയ്തിരിക്കുന്നു.

'അത്താഴം' എന്നു പറയുന്നതിനാൽ രാത്രി ആചരിക്കണമെന്നു ശഠിച്ചാൽ 'കർത്താവിന്റെ മേശ' എന്നു പറയുന്നതിനാൽ, പ്രത്യേക മേശ ഇതിന്നായി ഉണ്ടാക്കണമെന്നോ, മേശയിൽവെച്ചു തന്നെ ഇതു ഭക്ഷിക്കണമെന്നോ ശഠിക്കേണ്ടതായ്‌വരും. അങ്ങനെ പറയുന്നവർ 'അപ്പം നുറുക്കൽ' എന്നു് ഇതിനെക്കുറിച്ചു തിരുവെഴുത്തിൽ പറയുന്നതിനാൽ വീഞ്ഞുകൂടാതെയും ഇതു് അനുഷ്ഠിക്കാം എന്നു പറയണം.

മാത്രമല്ല, ഇതു് ഇന്നദിവസം ആചരിക്കണമെന്നോ ഇന്ന സമയം ആചരിക്കണമെന്നോ കർത്താവോ, അപ്പോസ്തലന്മാരോ കല്പിച്ചിട്ടില്ല എന്നു് അറിഞ്ഞിരിക്കണം. ഞായറാഴ്ച ചെയ്തുവരുന്നതു് ഒന്നാം നൂറ്റാണ്ടിനെ തുടർന്നുള്ള ആചരണവുമായിരിക്കുന്നതല്ലാതെ കല്പനയായിരിക്കുന്നില്ല. "ചെയ്യുമ്പോഴൊക്കെയും" എന്നു പറഞ്ഞിരി

MGM Ministries-Article Source: Seven things in the Christian life-By Y. Ezekiel

കുന്നതിൽനിന്നും സ്ഥലകാലങ്ങൾക്കൊത്തവണ്ണം സൗകര്യാനുസരണം ആചരിക്കാം എന്ന അനുവാദം ഉണ്ട് എന്നതുവെളിവാകുന്നു. അതിനാൽ ഈ ആചരണത്തിനുള്ള ദിവസം, സമയം ഇവയെക്കുറിച്ചു ഖണ്ഡിതമായ കല്പന വെയ്ക്കുന്നതു വചനാനുസരണമല്ല. കർത്താവിൻെറ ശരീരരക്തങ്ങളുടെ ഓർമ്മയും അതു കാണിക്കുന്ന സഭയുടെ കൂട്ടായ്മയും യുക്തംപോലെ ചെയ്യാവുന്നതല്ല അവയാണ് ഈ കർമ്മത്താൽ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്.

ഒന്നാംനൂററാണ്ടിൽ വിശ്വാസികളിൽ പലരും അടിമകളായിരുന്നു. അവർക്കുംകൂടെ കൂടുവാനുള്ള സൗകര്യം അനുസരിച്ചു രാത്രികാലങ്ങളിൽ സഭ കൂടിവന്നു. അതിനാൽ കർത്തൃമേശയും രാത്രിയിൽ ആചരിച്ചുവന്നു എന്നേയുള്ളു. അതു ഞായറാഴ്ച രാത്രിയിലല്ല, ശനിയാഴ്ച രാത്രിയിലാണ് ആചരിച്ചുവന്നതും. യഹൂദൻമാർ ദിവസം കണക്കാക്കുന്നതു സന്ധ്യമുതൽ സന്ധ്യവരെയാണ്. അതിനാൽ ആഴ്ചവട്ടത്തിൻെറ ഒന്നാംനാൾ, ശനിയാഴ്ച സന്ധ്യക്കു 6 മണിമുതൽ ഞായറാഴ്ച സന്ധ്യക്കു 6 മണിവരെയാകുന്നു. ഞായറാഴ്ചരാത്രി ആഴ്ചവട്ടത്തിൻെറ രണ്ടാംദിവസമാണ്.

മത്താ. 26:26-29; മർക്കോ. 14:22-25; ലൂക്കോ. 22:19, 20; 1കൊരി. 10:16, 19; 11:23-31. ഇത്രയും ഭാഗങ്ങൾ വായിച്ചാൽ ഇതിൻെറ ഉപദേശം, ആചരണരീതി മുതലായവ കാണുവാൻ കഴിയും. ഇവയിൽ ചില വാചകങ്ങൾ ഉദ്ധരിക്കാം.

“അവർ ഭക്ഷിക്കുമ്പോൾ യേശു അപ്പം എടുത്തു വാഴ്ത്തി നുറുക്കി ശിഷ്യന്മാർക്കു കൊടുത്തു. വാങ്ങി ഭക്ഷിപ്പിൻ; ഇതു് എൻെറ ശരീരം എന്നു പറഞ്ഞു. പിന്നെ പാനപാത്രം എടുത്തു സ്തോത്രം ചൊല്ലി അവക്കുകൊടുത്തു.

എല്ലാവരും ഇതിൽനിന്നു കുടിപ്പിൻ; ഇതു അനേകർക്കു
വേണ്ടി പാപമോചനത്തിന്നായി ചൊരിയുന്ന പുതിയ
നിയമത്തിനുള്ള എന്റെ രക്തം."

"പിന്നെ അപ്പം എടുത്തു വാഴ്ത്തി നുറുക്കി അവർക്കു
കൊടുത്തു: ഇതു നിങ്ങൾക്കുവേണ്ടി നൽകുന്ന എന്റെ ശരീ
രം; എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്‌വിൻ എന്നു പറ
ഞ്ഞു. അവ്വണ്ണംതന്നെ അത്താഴം കഴിഞ്ഞശേഷം അവൻ
പാനപാത്രവും കൊടുത്തു; ഈ പാനപാത്രം നിങ്ങൾക്കു
വേണ്ടി ചൊരിയുന്ന എന്റെ രക്തത്തിലെ പുതിയനി
യമം ആകുന്നു."

"നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം ക്രിസ്തു
വിന്റെ രക്തത്തിന്റെ കൂട്ടായ്മ അല്ലയോ? നാം നുറു
ക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മ
അല്ലയോ? അപ്പംഒന്നു ആകകൊണ്ടു പലരായ നാം ഒരു
ശരീരം ആകുന്നു. നാം എല്ലാവരും ആ ഒരേ അപ്പത്തിൽ
അംശികൾ ആകുന്നുവല്ലോ."

"......അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാ
നപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും കർത്താവു
വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു.
അതുകൊണ്ടു അയോഗ്യമായി അപ്പം തിന്നുകയോ കർത്താ
വിന്റെ പാനപാത്രം കുടിക്കുകയോ ചെയ്യുന്നവൻ എല്ലാം
കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ചു കുററ
ക്കാരൻ ആകും......".

കർത്താവിന്റെ ശരീരത്തെയും രക്തത്തെയുമാണു
ഇതു കുറിക്കുന്നതു്. എന്നുവെച്ചാൽ, രക്തം ചൊരിഞ്ഞു
കൊണ്ടുള്ള കർത്താവിന്റെ മരണത്തെ ഇതു കാണിക്കുന്നു.
തന്റെ മരണത്തിൽ രക്തംമുഴുവൻ ശരീരത്തിൽനിന്നും

വാൻപോയി ശരീരവും രക്തവും രണ്ടായി പിരിഞ്ഞു. അതുകൊണ്ടാണു് ഇവ രണ്ടിനെയും പ്രതിനിധീകരിക്കുന്ന രണ്ടുവസ്തുക്കളെയും-അപ്പവും വീഞ്ഞും-രണ്ടായി കൊടുത്തതു്. അതിനാൽ ഇവ രണ്ടും രണ്ടായി ആചരിക്കപ്പെടുന്നു.

രണ്ടും ഒന്നായി ചേർത്തുകൊടുക്കുന്ന സമുദായങ്ങൾ കർത്താവിന്റെ മരണത്തെ പ്രസ്താവിക്കുന്നില്ല, ഓർക്കുന്നുമില്ല എന്നു് ഈ ന്യായത്താൽ സ്ഫടിക സ്ഫുടമായിരിക്കുകയാണു്. അങ്ങനെ ഒന്നായി ആചരിക്കുന്നതു വചന വിരുദ്ധംതന്നെ. രക്ഷിക്കപ്പെട്ടവനുമാത്രമേ ഇതിൽ പങ്കെടുക്കാവൂ. മുൻപറഞ്ഞ അഞ്ചു് അനുഭവങ്ങൾ ഇല്ലാത്തവനു കർത്തൃമേശയിൽ ഓഹരിയില്ല. രക്ഷിക്കപ്പെടുക, സ്നാനപ്പെടുക, അവിശ്വാസികളോടു വേർപെട്ട സഭാജീവിതം ചെയ്യുക, വചനം പഠിക്കുക, കൂട്ടായ്മ ആചരിക്കുക എന്നീ കാര്യങ്ങളുടെ പിന്നാലെ മാത്രമെ കർത്തൃമേശയ്ക്കുവിലയുള്ളു. ഇല്ലെങ്കിൽ അതും ശിക്ഷയ്ക്കു കാരണമാകും.

പല അപ്പങ്ങൾ എടുത്തു പലതായി കഷണിച്ചിട്ടു് ഓരോ കഷണം ഓരോരുത്തർക്കു കൊടുക്കുന്ന സഭകൾ ഉണ്ടു്. അതു തെററാണു്. "അപ്പം ഒന്നു്" എന്നു തെളിവായിപ്പറഞ്ഞിരിക്കുന്നു. ക്രിസ്തു ഒന്നും അവന്റെ സഭ ഒന്നും ആകയാൽ ക്രിസ്തുവിനെയും തന്റെ സഭയുടെ കൂട്ടായ്മയെയും സദൃശീകരിക്കുന്ന അപ്പവും ഒന്നായിരിക്കുവാനേ പാടുള്ളു.

"നാം നുറുക്കുന്ന" എന്നു പറയുന്നതിനാൽ ഒരാളോ ചിലരോ നുറുക്കി വിളമ്പുകയല്ല, വിശ്വാസികൾ തങ്ങളുടെ ഓഹരി നുറുക്കി എടുക്കുകയാണു ചെയ്യേണ്ടതു്. പൗലോസപ്പോസ്തലനും നുറുക്കിക്കൊടുക്കുകയല്ല ചെയ്തതു്. "നുറുക്കിതിന്നു" എന്നാണു വായിക്കുന്നതു്. അ.പ്ര 20:11.

MGM Ministries-Article Source: Seven things in the Christian life-By Y. Ezekiel

വിശ്വാസികൾ തൊട്ടാൽ അശുദ്ധമായിപ്പോകും എന്നോ തങ്ങൾ പുരോഹിതന്മാരുടെ സ്ഥാനത്തെന്നോ ഭാവിച്ചുകൊണ്ടു വിശ്വാസികളെ മുട്ടിന്മേൽ നിറുത്തി അവരുടെ വായിൽ ഇട്ടുകൊടുക്കുകയും ഒഴിച്ചുകൊടുക്കുകയും ചെയ്യുന്ന ചിലരുടെ സമ്പ്രദായം ദൈവികമല്ല. സ്വർഗ്ഗീയ മാതൃകയിൽ അതു് ഇല്ല.

അപ്പം ഒന്നായിരിക്കുന്നതുപോലെ പാനപാത്രവും ഒന്നുതന്നെ. ഏകവചനത്തിലാണു് എല്ലായിടത്തും ഉപയോഗിച്ചിരിക്കുന്നതു്. അതിനാൽ പരിഷ്ക്കാരവും മറ്റും വിചാരിച്ചു് ഓരോരുത്തർക്കു് ഓരോ പാത്രം ഉപയോഗിക്കുന്ന ചിലരുടെ ആചാരവും വചനവിരുദ്ധമാണു്. "ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ," "എല്ലാവരും ഇതിൽനിന്നു കുടിപ്പിൻ" എന്നീ പ്രയോഗങ്ങളാൽ ഒരു പാത്രത്തിൽനിന്നും പലർ (കഴിയുമെങ്കിൽ ഒരു കൂടിവരവിലെ എല്ലാവരും) കുടിക്കുന്നതാണു് ആ കൂട്ടായ്മയെ തെളിവായി കാണിക്കുന്നതു്.

ജാതിവ്യത്യാസം, ലിംഗവ്യത്യാസം, ദാസനും യജമാനനുമെന്നുള്ള വ്യത്യാസം ഇവയെല്ലാം പമ്പകടക്കുന്നതു് ക്രിസ്തുവിന്റെ രക്തത്താലാണു്. അതിനാൽ ആ രക്തത്തിന്റെ കൂട്ടായ്മ കാണിക്കുന്നിടത്തും ഒരു പാത്രത്തിൽ നിന്നും കുടിച്ചു് അതു കാണിക്കേണ്ടതാണു്. സമയലാഭത്തിനായി വലിയ കൂടിവരവുകളിൽ, വീഞ്ഞിനുവേണ്ടി സ്തോത്രം ചെയ്തുകഴിഞ്ഞശേഷം ഒരു പാത്രത്തിൽ നിന്നും ചിലതിലായി പകർന്നുകുടിക്കേണ്ടതായ് വന്നാലും, അവയിൽ ഓരോ പാത്രത്തിൽനിന്നും പലർ കുടിക്കുന്നതിനാൽ മാത്രമെ ആ കൂട്ടായ്മ പ്രത്യക്ഷപ്പെടുത്തുവാൻ സാധിക്കുകയുള്ളു. അതു് ആവശ്യമാണുതാനും.

അതു ചില മാസങ്ങൾ കൂടുമ്പോഴോ, ചിലർ ചെയ്യുന്നതുപോലെ ആണ്ടുകൾ കൂടുമ്പോഴോ മാത്രം ആചരിക്കേ

ണ്ടതല്ല. ആഴ്ചതോറും അപ്പം നുറുക്കിക്കൊണ്ടു കർത്താവിന്റെ മരണത്തെ പ്രസ്താവിച്ചും കർത്താവിനെ ഓർമ്മിച്ചും കൊണ്ടു സ്തോത്രയാഗങ്ങളെ അർപ്പിച്ചു ദൈവത്തെ ആരാധിക്കുവാൻ ഉതകുന്ന ഒരു കർമ്മമായി വിശ്വാസികൾ കൊണ്ടാടേണ്ടതാണു്.

കർത്താവിനെ വിശ്വാസത്താൽ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നതിനെക്കുറിച്ചു യോഹ. 6-ൽ കർത്താവു അരുളിച്ചെയ്തിട്ടുണ്ടല്ലോ. അതു വിശ്വാസിയുടെ ജീവിതത്തിൽ അനുഭവപ്പെട്ടിട്ടു ജീവന്റെ സമൃദ്ധിയിൽ വാഴുവാൻ കർത്താവിന്റെ ഓർമ്മയും അവനെക്കുറിച്ചുള്ള ധ്യാനവും ഒഴിച്ചുകൂടാത്തതാണു്. അതിനു് ഉതകുന്ന ഒരു സമയവും കർത്തൃമേശയുടേതാണു്.

കർത്താവിന്റെ ശരീരരക്തങ്ങളായി അപ്പവീഞ്ഞുകൾ രൂപാന്തരപ്പെടുന്നില്ല. ശരീരരക്തങ്ങളുടെ സാദൃശ്യം വഹിക്കുന്നതിനാൽ അവയുടെ ഓർമ്മ നൽകുന്നു. പാലസ്തീന്റെ ചിത്രത്തിൽ ഗലീലക്കടലിന്റെ ഭാഗം കാണിച്ചുകൊണ്ടു ഞാൻ ഇങ്ങനെ പറയുന്നു എന്നു വിചാരിക്കുക. "ഇതു ഗലീലക്കടൽ". കേൾവിക്കാർ അങ്ങനെ തന്നെ ധരിക്കുകയും ചെയ്യുന്നു. അതിനാൽ ഞാൻ ചൂണ്ടിക്കാണിച്ചസ്ഥാനത്തു് ആരെങ്കിലും കുളിക്കുവാൻ ചാടി ഇറങ്ങുകയോ ചാടിയാൽ മുങ്ങിച്ചാകുകയോ ചെയ്യുകയില്ലല്ലൊ. എങ്കിലും ഞാൻ പറയുന്നതു് 'ഇതു് ഗലീലക്കടൽ' എന്നു തന്നെയാണു്. അവ്വണ്ണം തന്നെ "കർത്താവിന്റെ മരണത്തെ പ്രസ്താവിക്കുന്ന" കർമ്മത്തിൽ, അപ്പം കർത്താവിന്റെ ശരീരം തന്നെ; വീഞ്ഞു തന്റെ രക്തം തന്നെയാണു് എന്നു പറഞ്ഞാൽ, അവയെ സൂചിപ്പിക്കുന്നു എന്നു സാരം. അനുഗ്രഹിച്ചു നുറുക്കിക്കഴിഞ്ഞിട്ടും അപ്പം അപ്പം തന്നെ, വീഞ്ഞുതന്നെ. "ഈ അപ്പം തിന്നുകയും" എന്നു

1 കൊരി. 11:26-ൽ പറയുന്നതു പ്രത്യേകാൽ സൂക്ഷിക്കുക. 'ഈ ശരീരം തിന്നുകയും' എന്നല്ല പറയുന്നതു്.

പുതിയനിയമപ്രകാരം സഭ ആചരിക്കേണ്ടുന്ന കർമ്മങ്ങൾ രണ്ടു് എണ്ണം മാത്രമാണല്ലൊ ഉള്ളതു്. സ്നാനവും തിരുവത്താഴവും. രണ്ടും അതിൻെറ ലളിതരൂപത്തിൽ, അതേസമയത്തു്, അതു ദൈവിക നിയമനവും ആത്മീക സത്യങ്ങളുടെ നിഴലും ആകയാൽ അവ അർഹിക്കുന്ന ഗൗരവത്തിലും അനുഷ്ഠിക്കപ്പെടേണ്ടതാണു്.

# 7. പ്രാർത്ഥന

## 'പ്രാർത്ഥന കഴിച്ചും പോന്നു'

വിശ്വാസികൾ ഒരുമിച്ചുള്ള പ്രാർത്ഥന അനുഗ്രഹപ്രദമായതും ഫലപ്രദമായതും ആയ ഒന്നാണ്. പ്രവൃ. 4:23-31;12:15-17 ഈ ഭാഗങ്ങളിൽ സഭയായുള്ള പ്രാർത്ഥനയെയും അതിൻെറ സഫലമായ മറുപടിയെയും കുറിച്ചു വായിക്കുന്നുണ്ടു്. രക്ഷിക്കപ്പെടാത്തവനു് ഇതിൽ പങ്കില്ല. പങ്കുകൊള്ളുവാൻ യഥാർത്ഥ താല്പര്യവും ഉണ്ടാകുകയില്ല. ഭൂമിയെ കുലുക്കുന്നതും സ്വർഗ്ഗത്തെ ഇളക്കുന്നതുമായ ഒന്നാണു സഭയായ ഒരുമനപ്പെട്ടുള്ള പ്രാർത്ഥന. ഭൂമിയിൽവെച്ചു നിങ്ങളിൽ രണ്ടുപേർ യാചിക്കുന്ന ഏതു കാര്യത്തിലും ഐകമത്യപ്പെട്ടാൽ അതു സ്വർഗ്ഗസ്ഥനായ എൻെറ പിതാവിങ്കൽനിന്നു് അവർക്കു ലഭിക്കും" എന്നു് ഈ വസ്തുതയെ ഉറപ്പിച്ചുകൊണ്ടു കർത്താവു താൻ തിരുവായ്മൊഴിഞ്ഞല്ലോ. മത്താ. 18:19. അതിനാൽ ഇതും ഒഴിച്ചുകൂടാത്തതും തുടർന്നു ചെയ്യേണ്ടതും ആകുന്നു.

ചില സ്ഥലങ്ങളിൽ പ്രാർത്ഥനായോഗം എന്ന പേരോടുകൂടെ നടത്തപ്പെടുന്നയോഗങ്ങൾ സ്വന്തം സാക്ഷ്യ

ങ്ങൾ പറയുന്നതിനുള്ള യോഗങ്ങളോ പ്രസംഗയോഗങ്ങളോ ആയിട്ടു നടക്കുന്നതു കാണാം. ചിലർ പ്രാർത്ഥനായോഗത്തിനു കൂടീട്ടു പ്രാർത്ഥനയെക്കുറിച്ചു പ്രസംഗിക്കുന്ന യോഗമാക്കിത്തീർക്കും. ഒരാളോ മറ്റോ പ്രാർത്ഥിച്ചു യോഗവും അവസാനിപ്പിക്കും. അവ ശരിയല്ല. പ്രാർത്ഥനയോഗം പ്രാർത്ഥനയ്ക്കായിത്തന്നെ സമയം ചെലവിടുന്നതായിരിക്കണം. ആകയാൽ പ്രാർത്ഥനയ്ക്കായുള്ള അപ്പോസ്തലന്മാരുടെ കല്പനകളും പ്രമാണിച്ചുകൊണ്ട് അതിൽ ജാഗരിച്ചിരിക്കണം. എഫെ. 6:18-20; റോമ 12:13; 1 തെസ്സ 5:17.

ഒടുവിൽ ചിന്തിച്ച നാലു കാര്യങ്ങൾ തുടർന്നുചെയ്തുകൊണ്ടിരിക്കേണ്ടവയാണ്. മുടക്കംകൂടാതെ തുടർന്നു ചെയ്തുകൊണ്ടിരിക്കുന്നതിനെക്കുറിക്കുന്ന പ്രയോഗമാണു ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്നതു്. ഈ നാലു കാര്യങ്ങൾ ഒരു മേശയുടെ നാലു കാലുകൾക്കു സമാനമാണ്. ഒരു കാലു നീക്കിക്കളഞ്ഞാൽ മേശയ്ക്കു തനിയെ നിൽക്കുവാൻ കഴിയാത്തതുപോലെ ഈ നാലു കാര്യങ്ങളിൽ ഒന്ന് ഉപേക്ഷിച്ചു കളഞ്ഞ ഒരു വ്യക്തിയുടെ ക്രിസ്തീയ ജീവിതവും സ്വർഗ്ഗീയമാതൃകയിൽ നിലനിൽക്കുകയില്ല. "അങ്ങനെ തന്നെ അവൻ ചെയ്തു" എന്നു ഉല്പ. 6:23-ൽ എടുത്തു പറയുന്നതുപോലെ ദൈവം നമ്മോടു കല്പിച്ചിരിക്കുന്നതൊക്കെയും ചെയ്യുകയും അവയെക്കുറിച്ചു കല്പിച്ചിരിക്കുന്നതുപോലെ തന്നെ ചെയ്യുകയും ചെയ്‌വാൻ കർത്താവ് എല്ലാ വിശ്വാസികൾക്കും കൃപചെയ്യുമാറാകട്ടെ!

"നിന്റെ കല്പനകളെ പ്രമാണിക്കേണ്ടതിന്നു ഞാൻ താമസിയാതെ ബദ്ധപ്പെടുന്നു". സങ്കീ. 119:60.

"അവന്റെ കല്പനകളെ പ്രമാണിക്കുന്നു എങ്കിൽ നാം അവനെ അറിഞ്ഞിരിക്കുന്നു എന്നു് അതിനാൽ അറിയുന്നു. അവനെ അറിഞ്ഞിരിക്കുന്നു എന്നു പറകയും അവന്റെ കല്പനകളെ പ്രമാണിക്കാതിരിക്കയും ചെയ്യുന്നവൻ കള്ളൻ ആകുന്നു; സത്യം അവനിൽ ഇല്ല. എന്നാൽ ആരെങ്കിലും അവന്റെ വചനം പ്രമാണിക്കുന്നു എങ്കിൽ അവനിൽ ദൈവസ്നേഹം വാസ്തവമായി തികഞ്ഞിരിക്കുന്നു. നാം അവനിൽ ഇരിക്കുന്നു എന്നു് ഇതിനാൽ നമുക്കു് അറിയാം. അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു". 1 യോഹ. 2:3-6.

ഈ വിധമായി ദൈവത്തിന്റെ കല്പനകളും വിധികളും പ്രമാണിച്ചുകൊണ്ടു നമ്മുടെ ക്രിസ്തീയ ജീവിതം അന്ത്യത്തോളം നയിക്കുവാനും കർത്താവിന്റെ വരവിൽ തന്റെ ന്യായാസനത്തിനുമുമ്പാകെ ലജ്ജകൂടാതെ നിന്നു നിറപടിയായ പ്രതിഫലങ്ങൾ വാങ്ങിക്കുവാനും, അങ്ങനെ, നിത്യത ഐശ്വര്യമാംവണ്ണം സന്തോഷത്തോടുകൂടെ കഴിക്കുവാൻ ദൈവമാം കർത്താവു നമുക്കേവർക്കും കൃപ പകരുമാറാകട്ടെ!

"കർത്താവിനെ സ്നേഹിക്കാത്തവൻ ഏവനും ശപിക്കപ്പെട്ടവൻ! നമ്മുടെ കർത്താവു വരുന്നു." 1 കൊരി. 16:22. (ഏറോറാ അനാഥേമാ മാറാൻ അഥാ)

MGM Ministries-Article Source: Seven things in the Christian life-By Y. Ezekiel